**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 424** **10-02-2025 - ൽ മറുപടിയ്ക്ക്**

**കിഫ്ബിയുടെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. പി.പി. സുമോദ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനം സാമ്പത്തിക ഉപരോധ സമാനമായ സാഹചര്യം നേരിടുമ്പോഴും ബോധപൂർവ്വം അനാവശ്യ വിവാദങ്ങളുണ്ടാക്കി കേരളത്തെ സാമ്പത്തികമായി തകർക്കാൻ ചില ഏജൻസികൾ ശ്രമിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കേരളത്തിലെ അടിസ്ഥാന സൗകര്യ പദ്ധതികളിലേക്കായി പണം കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ കിഫ് ആക്ട് 1999 ന്റെ അടിസ്ഥാനത്തിൽ രൂപീകരിക്കപ്പെട്ട ഒരു ബോഡി കോർപ്പറേറ്റ് ആണ് കിഫ്ബി. നാളിതുവരെ 87,521.36 കോടിയിലുപരം രൂപയുടെ 1147 പദ്ധതികൾക്ക് കിഫ് ബോർഡ് അംഗീകാരം നൽകികഴിഞ്ഞു. ഈ പദ്ധതികൾക്കായി രാജ്യത്തെ നിയമവ്യവസ്ഥകൾക്ക് ഉള്ളിൽ നിന്നുകൊണ്ട് കിഫ്ബി ധനസമാഹരണം നടത്തിവരുന്നു. ഇതിനോടകം 29,450 കോടിയിലധികം രൂപ ധനവിപണിയിൽ നിന്നും ഇത്തരത്തിൽ കിഫ്ബി സമാഹരിച്ചിട്ടുണ്ട്. കേരള സംസ്ഥാനത്തിന്റെ വികസന മുഖഛായ സമഗ്രമായി മാറ്റുന്ന ഇടപെടലാണ് കിഫ്ബി മുഖേന സർക്കാർ ചെയ്തു വരുന്നത്. അപ്രായോഗികമായ വികസന മാതൃകയെന്ന് പ്രവചിച്ചവർ പോലും പിന്നീട് അത് തിരുത്തിപ്പറയുന്ന രീതിയിലുള്ള പ്രവർത്തനമാണ് കിഫ്ബി വഴി നടന്നുവരുന്നത്. ആഭ്യന്തര-അന്താരാഷ്ട്ര മാർക്കറ്റിലും കിഫ്ബി ഒരു നൂതന ധനകാര്യസ്ഥാപനം എന്ന രീതിയിൽ ശ്രദ്ധിക്കപ്പെട്ടു. ഇത്തരത്തിൽ കിഫ്ബി മികച്ചരീതിയിൽ പ്രവർത്തിച്ചുവരുന്ന അവസരത്തിലാണ് വിവിധ കേന്ദ്ര ഏജൻസികളെയും റെഗുലേറ്ററി ഏജൻസികളെയും ഉപയോഗിച്ച് അതിനെ തടസ്സപ്പെടുത്തുവാനുള്ള ശ്രമങ്ങൾ നടന്നുവരുന്നത്.<br><br>പൊതുമധ്യത്തിൽ കിഫ്ബിയെ മോശപ്പെടുത്തുവാനും നിക്ഷേപകരിൽ പരിഭ്രാന്തി സൃഷ്ടിച്ച് കിഫ്ബിയിലേക്കു വരേണ്ട നിക്ഷേപങ്ങളെ തടസ്സപ്പെടുത്തുവാനും അതുവഴി നിലവിൽ ലക്ഷ്യം വെച്ചിരിക്കുന്ന വികസനപ്രവർത്തനങ്ങളെ അവതാളത്തിലാക്കാനും |

| | | | |
|---|---|---|---|
| | | | ഇക്കൂട്ടർ നിരന്തരം ശ്രമിക്കുകയാണ്. ഈ നീക്കം ഒരിക്കലും അനുവദിച്ചുകൂടാ എന്നുമാത്രമല്ലാ സംസ്ഥാനത്തിന്റെയും പൊതുജനങ്ങളുടെയും താൽപ്പര്യങ്ങളെ സംരക്ഷിക്കുന്നതിനായി സമൂഹമധ്യത്തിൽ ഇക്കൂട്ടരെയും അവരുടെ ദുഷ്ടലാക്കോടെയുള്ള പ്രവർത്തനങ്ങളെയും തുറന്നുകാട്ടേണ്ടത് അനിവാര്യമാണ്. ഇതിനുള്ള നടപടികൾ സർക്കാർ തീർച്ചയായും സ്വീകരിക്കുന്നതാണ്. |
| (ബി) | അടിസ്ഥാന സൗകര്യവികസനമെന്ന ലക്ഷ്യത്തിലേക്ക് സംസ്ഥാനത്തെ കൈപിടിച്ചുയർത്തുന്നതിൽ കിഫ്ബി നൽകിയിട്ടുള്ള സംഭാവനകൾ സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | 2016-ൽ കേരള നിയമസഭ ഐകകണ്ഠേനയാണ് കിഫ്ബി ഭേദഗതി നിയമം പാസാക്കിയത്. 50,000 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികളാണ് തുടക്കത്തിൽ കിഫ്ബി മുഖേന വിഭാവനം ചെയ്തിരുന്നത്. എന്നാൽ വിവിധ വകുപ്പുകളിലായി 87,521.36 കോടിയിലധികം രൂപയുടെ 1147 പദ്ധതികൾക്ക്കിഫ്ബി നാളിതുവരെ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ67,521.36 കോടി രൂപയുടെ 1140 അടിസ്ഥാന സൗകര്യ വികസന പദ്ധതികളും കിഫ്ബി ലാൻഡ് അക്വിസിഷൻ പൂളിൽ ഉൾപ്പെടുത്തിട്ടുള്ള 20,000 കോടി രൂപയുടെ 7 പദ്ധതികളും ഉൾപ്പെടുന്നു. പദ്ധതികളുടെ വകുപ്പ് തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു. ഇതിനോടകം 33,10 കോടി രൂപ പദ്ധതികൾക്കായി ചെലവഴിച്ചിട്ടുണ്ട്. 19,249.24 കോടി രൂപയുടെ പദ്ധതികളാണ് ഇതുവരെ പൂർത്തീകരിച്ചിട്ടുള്ളത്.<br><br>കോവിഡ് മഹാമാരി ലോകമാകെ കടുത്ത സാമ്പത്തിക അനിശ്ചിതാവസ്ഥയാണ് സൃഷ്ടിച്ചത്. കോവിഡിന്റെ ആദ്യ ഘട്ടത്തിൽ തൊഴിലാളികളുടെ അഭാവം, അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം എന്നീ കാരണങ്ങളാൽ അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ നിർമ്മാണത്തിൽ താമസം വന്നെങ്കിലും, കിഫ്ബിമുഖേനയുള്ള പദ്ധതികളുടെ നിർവ്വഹണം ഒരു പരിധി വരെ തടസമില്ലാതെ തുടരുവാൻ കഴിഞ്ഞു. പദ്ധതികൾക്കുള്ള ഫണ്ട് തടസമില്ലാതെ കരാറുകാരിലും അതുവഴി തൊഴിലാളികളിലും എത്തിക്കുക വഴി കേരളത്തിന്റെ സാമ്പത്തിക മേഖലയിൽ സുപ്രധാനമായ പങ്കുവഹിക്കാൻ ആ പ്രതിസന്ധി ഘട്ടത്തിലും കിഫ്ബി മുഖേനയുള്ള പദ്ധതികൾക്കായി.<br><br>ഇങ്ങനെ വൻകിട അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി സംസ്ഥാനത്തെ റോഡുകൾ, പാലങ്ങൾ, ഐ.ടി, വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ള വിതരണം, ഇറിഗേഷൻ, |

| | | | |
|---|---|---|---|
| | | | ഗതാഗതം, ടൂറിസം, കായികം, വിദ്യാഭ്യാസം, ഊർജ്ജം തുടങ്ങിയ വിവിധ മേഖലകളിലെ നിരവധി പദ്ധതികൾ യാഥാർത്ഥ്യമാവുന്നതോടൊപ്പം സാമ്പത്തിക മേഖലയെ ചലനാത്മകമാക്കാനും കിഫ്ബിയുടെ പ്രവർത്തനങ്ങൾ സഹായകരമായി. |
| (സി) | വൈജ്ഞാനിക സമ്പദ്‌വ്യവസ്ഥയുടെ സ്ഥാപനം ലക്ഷ്യമിട്ട് കിഫ്ബി നടപ്പാക്കുന്ന പദ്ധതികൾ സംസ്ഥാനത്തെ മികവിന്റെ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനു കൂടി പ്രയോജനപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | സംസ്ഥാനത്തെ വിദ്യാഭ്യാസ മേഖലയെ മെച്ചപ്പെടുത്തുന്നതിനായി കിഫ്ബി മുഖേന പൊതുവിദ്യാസ വകുപ്പ്, ഉന്നത വിദ്യാഭ്യാസ വകുപ്പ്, ഫിഷറീസ് & പോർട്ട്സ് വകുപ്പ്, സയൻസ് & ടെക്നോളജി വകുപ്പ് എന്നിവയ്ക്ക് കീഴിലായി കാര്യമായ സംഭാവനയാണ് നൽകിയിട്ടുള്ളത്. പൊതുവിദ്യാസ വകുപ്പിന് കീഴിൽ ഹൈ-ടെക് ക്ലാസ് റൂമിനായി 493.50 കോടി രൂപയും, LP&UP സ്കൂളുകളിൽ ഹൈ-ടെക് ലാബുകൾ നിർമ്മിക്കുന്നതിനായി 292 കോടി രൂപയും സംസ്ഥാനത്തെ സ്കൂൾ കെട്ടിടങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2423.51 കോടി രൂപയുടെയും പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ ഫിഷറീസ് & പോർട്ട്സ് വകുപ്പിനു കീഴിലായി 57 തീരദേശ സ്കൂളുകൾക്ക് 67.50 കോടി രൂപയുടെയും അംഗീകാരം കിഫ്ബി നൽകിക്കഴിഞ്ഞു. ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലെ വിവിധ പദ്ധതികൾക്കായി ആകെ 1,847.81 കോടി രൂപയുടെ ധനാനുമതിയാണ് കിഫ്ബി നൽകിയിട്ടുള്ളത്. ഇതിൽ 63 കോളേജുകളിലെയും 8 പോളി ടെക്നിക്ക് കോളേജുകളിലെയും 7 എഞ്ചിനിയറിംഗ് കോളേജുകളിലെയും അടിസ്ഥാന സൗകര്യവികസനം മെച്ചപ്പെടുത്തലും, പിണറായി എഡ്യൂക്കേഷൻ ഹബ്ബും, യൂണിവേഴ്സിറ്റികളെ മെച്ചപ്പെടുത്തുവാനുള്ള 9 പദ്ധതികളും, 3 കോളേജുകളിലെ ഹോസ്റ്റൽ നിർമ്മാണവും, 3 ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകളും ഉൾപ്പെടുന്നു. ശാസ്ത്ര സാങ്കേതിക വകുപ്പിനു കീഴിൽ കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സിലും ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ക്ലൈമറ്റ് ചേഞ്ച് സ്റ്റഡീസിലും മൈക്രോബയോമിലും ന്യൂട്രാസ്യൂട്ടിക്കൽസിലും മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി കിഫ്ബി 57.54 കോടി രൂപ അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസന വളർച്ചയിൽ വിദ്യാഭ്യാസ മേഖലയിലെ പുരോഗതിയ്ക്കും ശക്തമായ സംഭാവനയാണ് കിഫ്ബി നൽകിവരുന്നത്. |
| (ഡി) | സാമ്പത്തിക ഇടനാഴികളുടെ വികസനത്തിനായി കിഫ്ബി അനുമതി നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | വ്യാവസായിക സാമ്പത്തിക മേഖലയുടെ വികസനത്തിനായി കിഫ്ബി മുഖേന വ്യവസായിക പാർക്കുകളുടെയും, കൊച്ചി - ബാംഗ്ലൂർ വ്യവസായിക ഇടനാഴിയുടെയും അതിന്റെ അനുബന്ധ ഗ്ലോബൽ സിറ്റിയുടെയും സ്ഥലമേറ്റെടുപ്പിനുള്ള അംഗീകാരം |

| | | | |
|---|---|---|---|
| | | | കിഫ്ബി നൽകിയിട്ടുണ്ട്. എറണാകുളത്ത് പെട്രോകെമിക്കൽ & ഫാർമ പാർക്ക് സ്ഥാപിക്കുന്നതിനായുള്ള സ്ഥലമേറ്റെടുപ്പിനായി 977.46 കോടി രൂപയുടെയും തിരുവനന്തപുരത്തെ ബയോ ലൈഫ് സയൻസ് പാർക്ക് - രണ്ടാം ഘട്ടം ഭൂമി ഏറ്റെടുക്കലിനായി 301.17 കോടി രൂപയുടെയും വ്യാവസായിക അടിസ്ഥാന സൗകര്യ വികസനത്തിന് കണ്ണൂരിലും പാലക്കാടും ഭൂമി ഏറ്റെടുക്കലിനായി 12,710 കോടി രൂപയുടെയും കൊച്ചി-ബെംഗളൂരു വ്യവസായ ഇടനാഴി (KBIC) പദ്ധതിയ്ക്കുള്ള ഭൂമി ഏറ്റെടുക്കുവാനായി 1,374 കോടി രൂപയുടെയും KBIC-ഭൂമി ഏറ്റെടുക്കലിൻ്റെ ഭാഗമായി ഗ്ലോബൽ സിറ്റിയുടെ വികസനത്തിനായി 840 കോടി രൂപയുടെയും അംഗീകാരമാണ് കിഫ്ബി നൽകിയിട്ടുള്ളത്. ഇത് കൂടാതെ കൊല്ലം പുനലൂർ വ്യവസായിക സാമ്പത്തിക വളർച്ചാ മുനമ്പ് (Vizhinjam Kollam Punalur Industrial and Economic Growth Triangle) എന്നൊരു ബൃഹത് പദ്ധതി നടപ്പാക്കുന്നതിന് കിഫ്ബി തത്വത്തിൽ അംഗീകാരം നല്കിയിട്ടുണ്ട്. കമ്മീഷനിങ്ങിനു സജ്ജമായിക്കൊണ്ടിരിക്കുന്ന ഇന്ത്യയിലെ ഏറ്റവും വലിയ മദർഷിപ്പ് പോർട്ടായ വിഴിഞ്ഞം അന്താരാഷ്ട്ര ട്രാൻസ്ഷിപ്പ്മെന്റ് തുറമുഖത്തിന്റെ സാധ്യതകൾ കേരളത്തിന് പ്രയോജനപ്പെടുത്തുന്നതിനാണ് ഈ പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ

## Status of KIIFB Approved projects - Department Wise

| Department | KIIFB Approved Projects | | KIIFB Tendered Projects | | | KIIFB Started/Awarded Projects | | |
|---|---|---|---|---|---|---|---|---|
| | No. of Projects Approved | Approved Amount (Rs.in Crore) | No. of Projects Tendered | Approved Amount (Rs.in Crore) | Tendered Amount (Rs.in Crore) | No. of Projects Started/ Awarded | Approved Amount (Rs.in Crore) | Work Contract Amount (Rs.in Crore) |
| PWD | 511 | ₹ 33,133.50 | 258 | ₹ 14,554.41 | ₹ 10,847.78 | 242 | ₹ 11,935.28 | ₹ 8,811.33 |
| Agriculture | 1 | ₹ 21.43 | 1 | ₹ 21.43 | ₹ 22.00 | 1 | ₹ 21.43 | ₹ 22.00 |
| Animal Husbandry | 1 | ₹ 16.12 | 0 | ₹ 0.00 | ₹ 0.00 | 0 | ₹ 0.00 | ₹ 0.00 |
| Ayush | 2 | ₹ 183.06 | 1 | ₹ 69.06 | ₹ 57.41 | 1 | ₹ 69.06 | ₹ 69.73 |
| Backward Classes Development Department | 1 | ₹ 17.73 | 0 | ₹ 0.00 | ₹ 0.00 | 0 | ₹ 0.00 | ₹ 0.00 |
| Coastal Shipping & Inland Navigation | 18 | ₹ 3,503.18 | 2 | ₹ 135.90 | ₹ 107.24 | 1 | ₹ 106.13 | ₹ 78.72 |
| Culture | 17 | ₹ 491.76 | 8 | ₹ 306.35 | ₹ 224.56 | 8 | ₹ 306.35 | ₹ 257.80 |
| Devaswom | 2 | ₹ 138.51 | 1 | ₹ 126.94 | ₹ 118.34 | 1 | ₹ 126.94 | ₹ 121.66 |
| Fisheries and Ports | 26 | ₹ 554.78 | 22 | ₹ 497.23 | ₹ 376.99 | 22 | ₹ 497.23 | ₹ 351.74 |
| Forest | 5 | ₹ 591.03 | 4 | ₹ 523.08 | ₹ 341.34 | 4 | ₹ 523.08 | ₹ 272.87 |
| General Education | 156 | ₹ 3,209.01 | 120 | ₹ 2,608.66 | ₹ 2,386.49 | 110 | ₹ 2,391.83 | ₹ 2,066.71 |
| Health & Family Welfare | 95 | ₹ 6,262.82 | 69 | ₹ 5,673.63 | ₹ 4,505.73 | 65 | ₹ 5,451.61 | ₹ 4,203.26 |
| Higher Education | 62 | ₹ 1,847.81 | 39 | ₹ 1,303.81 | ₹ 1,090.83 | 37 | ₹ 1,271.64 | ₹ 1,022.55 |
| Home | 6 | ₹ 230.60 | 1 | ₹ 50.14 | ₹ 50.14 | 1 | ₹ 50.14 | ₹ 50.14 |
| Industries | 2 | ₹ 71.07 | 0 | ₹ 0.00 | ₹ 0.00 | 0 | ₹ 0.00 | ₹ 0.00 |
| Information Technology | 5 | ₹ 1,652.12 | 3 | ₹ 1,412.86 | ₹ 1,303.23 | 3 | ₹ 1,412.86 | ₹ 1,812.09 |
| Labour & Skills | 5 | ₹ 93.84 | 5 | ₹ 93.84 | ₹ 63.21 | 5 | ₹ 93.84 | ₹ 71.71 |
| Local Self Government | 25 | ₹ 789.95 | 8 | ₹ 426.17 | ₹ 362.64 | 5 | ₹ 375.42 | ₹ 311.88 |
| Power | 18 | ₹ 5,200.00 | 16 | ₹ 2,850.52 | ₹ 1,962.68 | 14 | ₹ 2,505.02 | ₹ 2,090.20 |
| Planning & Economic Affairs Department | 2 | ₹ 137.50 | 0 | ₹ 0.00 | ₹ 0.00 | 0 | ₹ 0.00 | ₹ 0.00 |
| Registration | 6 | ₹ 88.65 | 6 | ₹ 88.65 | ₹ 73.91 | 6 | ₹ 88.65 | ₹ 99.55 |
| Revenue | 5 | ₹ 95.66 | 2 | ₹ 32.62 | ₹ 30.13 | 2 | ₹ 32.62 | ₹ 27.11 |
| SC/ST Development | 10 | ₹ 182.23 | 7 | ₹ 119.69 | ₹ 98.61 | 6 | ₹ 115.78 | ₹ 84.83 |
| Sports & YA | 41 | ₹ 878.63 | 27 | ₹ 615.62 | ₹ 518.87 | 25 | ₹ 560.58 | ₹ 476.57 |
| Tourism | 14 | ₹ 618.96 | 10 | ₹ 465.11 | ₹ 322.44 | 8 | ₹ 267.02 | ₹ 144.94 |
| Transport | 3 | ₹ 600.98 | 2 | ₹ 240.07 | ₹ 67.83 | 2 | ₹ 240.07 | ₹ 132.33 |
| Water Resources | 101 | ₹ 6,910.43 | 94 | ₹ 6,336.75 | ₹ 4,457.66 | 90 | ₹ 6,078.68 | ₹ 4,277.35 |
| **Total** | **1140** | **₹ 67,521.36** | **706** | **₹ 38,552.53** | **₹ 29,390.07** | **659** | **₹ 34,521.25** | **₹ 26,857.08** |

## Projects under Land Acquisition Pool of ₹ 20,000 Crore

| Projects under Land Acquisition Pool of ₹ 20,000 Crore | | |
|---|---|---|
| PWD-NHAI | 1 | ₹ 6,769.01 |
| Industries (Under LA Pool) | 6 | ₹ 16,403.23 |
| *Industrial Parks - 3 projects - ₹13988.63 Cr* | | |
| *Taking over of land from HNL - ₹200.60 Cr* | | |
| *Kochi - Banglore Industrial Corridor & Global City - ₹2214.00 Cr* | | |
| **Total** | **7** | **₹ 23,172.24** |

## KIIFB Approved Projects - Grand Total

| KIIFB Approved Projects - Grand Total | | |
|---|---|---|
| Infrastructure Projects | 1140 | ₹ 67,521.36 |
| Projects under Land Acquisition Pool | 7 | ₹ 20,000.00 |
| **Total** | **1147** | **₹ 87,521.36** |